(സി) ഈ ഓർഡർ അനധികൃതമായിരുന്നോ ;

(ഡി) എങ്കിൽ അത് സംബന്ധിക്കാനിടയായ സാഹചര്യമെന്താണ് ;

(ഇ) ഈ ഇടപാടിൽ കുറ്റക്കാരായവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ എന്ത് നടപടി ?

ഉത്തരം

(എ) 1-4-1984-ൽ ആണ് അതോറിട്ടി രൂപീകരിച്ചത്. അതിനുശേഷം അതോറിട്ടിയിലെ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓർഡറുകൾ നൽകിയിട്ടില്ല.

(ബി, സി, ഡി, ഇ) ഉദിക്കുന്നില്ല.

വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആൻഡ് മാനേജ്മെന്റ്

1334. [1806] ശ്രീ. കെ. കെ. ബാലകൃഷ്ണൻ ;
,, കെ. ശങ്കരനാരായണപിള്ള ;
,, എ. കെ. ശശീന്ദ്രൻ ;
,, വി. സി. കബീർ ;
,, പി. വിജയദാസ് ;
,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആൻഡ് മാനേജ്മെന്റ് എന്നാണ് സ്ഥാപിതമായത് ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സ്ഥാപനത്തിൽ ആകെ എത്ര ജീവനക്കാരുണ്ട് ;

(ഡി) ഇതിന്റെ തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഇ) ഈ സ്ഥാപനത്തിന്റെ ചെയർമാനും മറ്റ് ഭരണ സമിതി അംഗങ്ങളും ആരെല്ലാമാണ് ;

(എഫ്) ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ഓരോ വർഷവും ചെലവാക്കിയ സംഖ്യ എത്ര ?

ഉത്തരം

(എ) 28-1-1978.

(ബി) ജലവിഭവം, വികസനം, വിനിയോഗം, സംരക്ഷണം മുതലായവയിൽ ഉന്നതഗവേഷണം നടത്തുക, ജലശാസ്ത്രത്തിൽ പരിശീലനം കൊടുക്കുക, ചർച്ചായോഗങ്ങൾ സംഘടിപ്പിക്കുക, ശാസ്ത്രവിജ്ഞാനം കർഷകർക്ക് പകർന്നു കൊടുക്കുക, ജലശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന ദേശീയ, അന്തർ ദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക മുതലായവയാണ് ഈ കേന്ദ്രത്തിന്റെ മുഖ്യമായ പ്രവർത്തനങ്ങൾ.

(സി) 198.

(ഡി)

സയന്റിഫിക്	23
ടെക്നിക്കൽ	77
അഡ്മിനിസ്ട്രേറ്റീവ്	98

(ഇ) ഈ സ്ഥാപനത്തിന് രണ്ട് ഭരണ സമിതികളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ഗവേർണ.ിങ്ങ് ബോഡി.

2. എക്സിക്യൂട്ടീവ് കമ്മിറ്റി. ഈ രണ സമിതികളിലെ മെമ്പർമാർ താഴെ പറയുന്നവരാണ്.

ഗവേണിങ്ങ് ബോഡി അംഗങ്ങൾ

1	ജലസേചന വകുപ്പുമന്ത്രി	ചെയർമാൻ
2	ഡോ. എസ്. വാസുദേവ് ശാസ്ത്രസാങ്കേതിക പരിസ്ഥിതി സമിതി ചെയർമാൻ	മെമ്പർ
3	വൈസ് ചാൻസിലർ . കേരള കാർഷിക യൂണിവേഴ്സിറ്റി	,,
4	സാമ്പത്തിക വികസന കമ്മീഷണർ	,,
5	ധനകാര്യ വകുപ്പ് സെക്രട്ടറി	,,
6	ഇറിഗേഷൻ ചീഫ് എഞ്ചിനീയർ	,,
7	ജലപാഴ്ജല അതോറിട്ടി മാനേജിംഗ് ഡയറക്ടർ	,,
8	സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ	,,
9	കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ	,,
10	ഡോ. ജെ. റ്റി. പണിക്കർ, പ്രൊ. സിവിൽ എഞ്ചിനീയറിങ്ങ്, ഐ. ഐ. റ്റി. ബോംബേ	,,
11	ഡോക്ടർ എ. എം. മൈക്കിൾ ഡയറക്ടർ ഇൻഡ്യൻ അഗ്രിക്കൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ന്യൂഡൽഹി	,,
12	ഡോ. വി. ജി. സുന്ദരേശൻ, വൈസ് ചാൻസലർ, മദ്രാസ്, യൂണിവേഴ്സിറ്റി,	
13	ശ്രീ. കെ. ശങ്കരനാരായണൻ, മുൻകൃഷി വകുപ്പുമന്ത്രി	,,
14	ഡോക്ടർ പി. കെ. ഗോപാലകൃഷ്ണൻ, മെമ്പർ, പ്ലാനിംഗ് ബോർഡ്.	,,
15	ഡോക്ടർ എൻ. എസ്. രന്ധവ, ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ, റിസർച്ച് ഡയറക്ടർ	
16	ഈ സെൻറിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ	മെമ്പർ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

എക്സിക്യൂട്ടീവ് കമ്മിറ്റി

1	ചെയർമാൻ, ശാസ്ത്രസാങ്കേതിക കമ്മിറ്റി	(ചെയർമാൻ)
2	സാമ്പത്തിക വികസന കമ്മീഷണർ	മെമ്പർ
3	പ്രൊഫസർ, ജെ. റ്റി. പണിക്കർ, പ്രൊഫസർ സിവിൽ എഞ്ചിനീയറിംഗ് ഐ. ഐ. റ്റി. ബോംബേ	,,
4	ശ്രീ. കെ. ശങ്കരനാരായണൻ, മുൻകൃഷി വകുപ്പുമന്ത്രി	,,
5	സെൻറിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ	മെമ്പർ

(എഫ്)	1977–78	3 ലക്ഷം
	1978–79	35 ,,
	1979–80	47 ,,
	1980–81	99 ,,
	1981 82	75 ,,
	1982–83	75 ,,
	1983–84	75 ,,
	1984–85	72 ,,
ആകെ		481 ലക്ഷം

ഇടച്ചേരി പഞ്ചായത്തിലെ തുരുത്തി എന്ന സ്ഥലം വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷിക്കാൻ നടപടി

1335. [1807] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വർഷകാലങ്ങളിൽ എല്ലാകൊല്ലവും വെള്ളപ്പൊക്കത്തിന്റെ കെടുതികൾ ആയിരിക്കാവുന്ന എടച്ചേരി പഞ്ചായത്തിലെ തുരുത്തി എന്ന പ്രദേശത്ത് ജനങ്ങൾക്കു വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷണം നൽകാൻ ഒരു പ്രത്യേക അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

മാഹി പുഴയുടെ കരയിലുള്ള തുരുത്തി എന്ന പ്രദേശം മൂന്നുവശവും പുഴയാൽ ചുറ്റപ്പെട്ടതാണ്. ആയതിനാൽ ഈ പ്രദേശത്ത് വെള്ളപ്പൊക്ക നിവാരണത്തിനുള്ള ബണ്ട് കെട്ടാൻ സാദ്ധ്യമല്ലാത്ത അവസ്ഥയാണുള്ളത്. മാഹിയുടെ പുഴയുടെ അഴിമുഖത്തിന് ഇപ്പോൾ വെള്ളം പോകുന്നതിന് യാതൊരു തടസ്സവുമില്ല. തുരുത്തി എന്ന പ്രദേശം മണ്ണിട്ടു നികത്തിയാലെ ഈ പ്രദേശത്തെ വെള്ളപ്പൊക്കത്തിൽ നിന്ന് രക്ഷിക്കാൻ കഴിയു. ഇപ്പോൾ കര സംരക്ഷണത്തിനായി ഒരു പണി നടന്നുകൊണ്ടിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു പണി തീർന്നു കഴിഞ്ഞു. സാമ്പത്തിക ലഭ്യതയനുസരിച്ച് മറ്റ് രണ്ട് പണികൾ കൂടി ഏറ്റെടുക്കാൻ നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly